# നാളികേര ബോർഡ് സങ്കരയിനം വിത്തുതേങ്ങ ഉത്പാദനത്തിൽ പരിശീലനം നൽകുന്നു

കൊച്ചി: നാളികേര വികസന ബോർഡ് നേര്യമംഗലത്തെ വിത്തുത്പാദന തോട്ടത്തിൽ തെങ്ങിന്റെ വിവിധ സങ്കരണ മാർഗങ്ങളും സങ്കര വിത്തുത്പാദനവും ആസ്പദമാക്കി ഒരു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. അപേക്ഷകർ 18നും 40നും മധ്യേ പ്രായമുള്ളവരും ഹയർ സെക്കൻഡറി തലത്തിൽ ബയോളജി മുഖ്യവിഷയമായോ അല്ലെങ്കിൽ വിഎച്ച്എസ്‌സി അഗ്രികൾച്ചറോ പഠിച്ചവർ ആയിരിക്കണം. സെപ്റ്റംബർ നാലിനു പരിശീലനം ആരംഭിക്കും. പരിശീലനകാലയളവിൽ സൗജന്യതാമസവും 150 രൂപ ദിനബത്തയും ബോർഡ് നൽകും. താത്പര്യമുള്ളവർ വിശദമായ ബയോഡേറ്റ സഹിതം അസിസ്റ്റന്റ് ഡയറക്ടർ, നാളികേര വികസന ബോർഡ്, പ്രദർശന വിത്തുത്പാദന തോട്ടം, നേര്യമംഗലം, എറണാകുളം ജില്ല - 686693 എന്ന വിലാസത്തിൽ അപേക്ഷിക്കണം. ഫോൺ: 0485-2554240, മൊബൈൽ: 09446366099, 09656858850. ഇമെയിൽ: cdbnrlm@yahoo.in